**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രിത നിയമനം - തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചു വരവെ മരണമടഞ്ഞ എച്ച്,ആർ.എസ്. വിജയകുമാറിന്റെ മകൾ ശ്രീമതി. സന്ധ്യാറാണി ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവാകുന്നു.

.==============================================================

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധ)നം. 2293/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 10.9.2013

==============================================================

വായിച്ചു:- 1) ശ്രീമതി. എച്ച്.ആർ.വി. സന്ധ്യാറാണി 15.03.2012-ന് സമർപ്പിച്ച അപേക്ഷ.
2) 9.7.2012-ലെ നഗരകാര്യ ഡയറക്ടറുടെ ഇ4-6945/12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ സാനിട്ടറി വർക്കറായി ജോലി നോക്കി വരവെ 29/10/2002-ൽ മരണമടഞ്ഞ എച്ച്.ആർ.എസ്.വിജയകുമാറിന്റെ മകൾ ശ്രീമതി. എച്ച്.ആർ.വി.സന്ധ്യാറാണി ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കണമെന്ന് പരാമർശം ഒന്ന് പ്രകാരം അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സന്ധ്യാറാണി രണ്ട് കുട്ടികളുടെ മാതാവാണെന്നും ടിയാളുടെ മൂത്ത കുട്ടിക്ക് സെറിബ്രൽ പൾസി എന്ന അസുഖമാണെന്നും ടി കുഞ്ഞിന് കേൾവി ശക്തിയും സംസാര ശേഷിയും ഇല്ലാ എന്നും കാലിന് സ്വാധീനക്കുറവുണ്ട് എന്നും ബോധിപ്പിച്ചിട്ടുണ്ട്. ടിയാളുടെ വ്യക്തപരവും കുടുംബപരവുമായ പ്രതികൂല സാഹചര്യങ്ങൾ കാരണവും സർക്കാർ ചട്ടങ്ങളിലെ അജ്ഞതമൂലവുമാണ് അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായത് എന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിൽ സാനിട്ടറി വർക്കറായി ജോലി നോക്കി വരവെ 29.10.2002-ൽ മരണമടഞ്ഞ എച്ച്.ആർ.എസ്.വിജയകുമാറിന്റെ മകൾ ശ്രീമതി. എച്ച്.ആർ.വി.സന്ധ്യാറാണി മുനിസിപ്പൽ കോമൺ സർവ്വീസിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇളവ് നല്കി പ്രത്യേക കേസായി പരിഗണിച്ച് മാപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ജെയിംസ് വർഗ്ഗീസ്,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

ശ്രീമതി. എച്ച്.ആർ.വി. സന്ധ്യാറാണി, ഫ്ളാറ്റ് നം.404, രാജാജി നഗർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**